ഡോ. റോബർട്ട് റിസ

ഡോ. കെ. ശ്രീകുമാരൻ നായർ

ഡോ. ആർ. വി. ജയകുമാർ

ഡോ. എച്ച്. ബി. ചണ്ഡാലിയ

ഡോ. എൽ. കെ. ഗാംഗുലി

ഡയറക്ടർ, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്.

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗ് 8 തവണ ഇതിനോടകം ചേർന്നിട്ടുണ്ട്. ബിൽഡിംഗ്, ലബോറട്ടറി ഉപകരണങ്ങൾ മറ്റ് സാധന സാമഗ്രികൾ തുടങ്ങിയവയ്ക്കായി ധനസമാഹരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയ പ്രധാനപ്പെട്ട തീരുമാനങ്ങൾ മറ്റു കാര്യങ്ങൾക്കു പുറമെ പ്രസ്തുത യോഗങ്ങളിൽ എടുക്കുകയുണ്ടായിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ആഡിറ്റ് ചെയ്ത കണക്ക് പ്രകരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടക്കം മുതൽ 2003-2004 സാമ്പത്തിക വർഷംവരെയുള്ള ആകെ ചെലവ് 5748046.49 രൂപയാണ്.

(എച്ച്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ലക്ഷ്യം കൈവരിക്കുന്നതിനുമായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഇ. കെ. ഭരത്ഭൂഷൻ ഐ.എ.എസ്.-നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചീഫ് അഡ്മിനി സ്ട്രേറ്റീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

2. പുലയനാർകോട്ടയിൽ സർക്കാർ നൽകിയ സ്ഥലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ വിഭവസമാഹരണത്തിന് ഇൻസ്റ്റിറ്റ്യൂട്ടിന് സഹായങ്ങൾ നൽകിവരുന്നുണ്ട്. ഇതിന്റെ ആവശ്യത്തിന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആശുപത്രികളിലെ ബയോ മെഡിക്കൽ വെയ്സ്റ്റുകളുടെ നിർമ്മാർജ്ജനം

73 [166] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
„ *സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവയിലെ ബയോമെഡിക്കൽ വെയ്സ്റ്റുകൾ സമീപ സ്ഥലങ്ങളായ കിണറുകളിലും ജലാശയങ്ങളിലും എത്തുന്നതുമൂലം ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്നു എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ നിർമ്മാർജനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന അധിക നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയും, ദ്രവരൂപത്തിലുള്ളവ ഓട്ടോ ക്ലേവ് ചെയ്തു അണുവിമുക്തമാക്കിയ ശേഷം സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. മാലിന്യങ്ങൾ തരം തിരിച്ചു കളർ കോഡുള്ള പ്രത്യേകം ബാഗുകളിൽ ശേഖരിച്ചാണ് നിർമ്മാർജനം ചെയ്യുന്നത്. ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയാൻ സാധിക്കാത്തതരം ഖരമാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കപ്പെട്ട ആഴത്തിലുള്ള കുഴികളിൽ ഇട്ടു മൂടുകയാണ് ചെയ്യുന്നത്.

(സി) ബയോ മെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്നം ചെയ്യുന്നതിന് ഐ.എം.എ. സമർപ്പിച്ച ഇമേജ് എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഔഷധ സസ്യങ്ങൾ മരുന്നു കച്ചവടക്കാരും ഔഷധസസ്യ നഴ്സറിക്കാരും കടത്തുന്നത് നിയന്ത്രിക്കുന്നതിന് നടപടി

74 [167] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യവാസമില്ലാത്ത കിഴക്കൻ മലനിരകളിലും ചതുപ്പ് പ്രദേശങ്ങളിലും ചോലക്കാടുകളിലും കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ മരുന്ന് കച്ചവടക്കാരും, ഔഷധസസ്യ നഴ്സറിക്കാരും കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly